**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **28-01-2026 - ൽ മറുപടിയ്ക്ക്**

**അനെർട്ടിന്റെ ചുമതലകളും ലക്ഷ്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | അനെർട്ടിന്റെ പ്രധാന ചുമതലകളും 2026-ലെ മുൻഗണനാ ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ വികസനം, പഠനം, പ്രോത്സാഹനം, പ്രചരണം എന്നിവയും അതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുകയുമാണ് അനെർട്ടിന്റെ പ്രധാന ചുമതലകൾ. അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുണ്ടാക്കുന്ന ഹരിത ഹൈഡ്രജൻ പദ്ധതികളുടെ നോഡൽ ഏജൻസിയായി കൂടി അനെർട്ടിനെ 2023-ൽ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഹരിത ഹൈഡ്രജൻ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ കീഴിൽ വരുന്ന പല പദ്ധതികളിലേയ്ക്കും അനെർട്ട് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും, രണ്ടെണ്ണം അനുവദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>2026-ൽ ഹരിത ഹൈഡ്രജൻ മേഖലയിലെ രണ്ട് പ്രധാന പദ്ധതികൾ താഴെ പറയുന്നു.<br><br>*<u>ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ:</u>* കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് (ഡി.എസ്.ടി.) ഈ പദ്ധതി അനുവദിച്ചിട്ടുള്ളത്. ഹരിത ഹൈഡ്രജൻ ഉത്പാദനം മുതൽ ഉപയോഗം വരെയുള്ള എല്ലാ ഘട്ടങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, പങ്കാളികളായിട്ടുള്ള സ്ഥാപനങ്ങൾ വഴി വിവിധ പൈലറ്റ് പദ്ധതികൾ നടപ്പാക്കുക, ഹൈഡ്രജൻ വാലി പദ്ധതിയിൽ പങ്കാളിത്തമുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കുക, പങ്കാളികളുമായി ഗവേഷണ വികസനം ഉൾപ്പടെ വിജ്ഞാനവും സാങ്കേതിക വിദ്യയും പങ്കിടാൻ സഹായിക്കുക, തദ്ദേശീയമായി ഹരിത ഹൈഡ്രജനിൽ നൂതന ആശയങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും മാനവശേഷി വികസനം സാധ്യമാക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഹൈഡ്രജൻ വാലി പദ്ധതിയുടെ പ്രവർത്തനങ്ങൾ. പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ അനുമതിയോടെ ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നതിന് 'കേരള എച്ച്.വി.ഐ.സി. ഫൗണ്ടേഷൻ' എന്ന ലാഭേച്ഛകൂടാതെ പ്രവർത്തിക്കുന്ന സർക്കാർ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹൈഡ്രജൻ വാലി പദ്ധതികൾ ഈ കമ്പനിയുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്. ഹൈഡ്രജൻ വാലി പദ്ധതിക്കായി ഡി.എസ്.ടി.യിലൂടെ അനുവദിച്ച ആദ്യ ഗഡു ഫണ്ട് ഈ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. പങ്കാളികളുമായി ചേർന്ന നടപ്പാക്കുന്ന പദ്ധതികളുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവയായിരുന്നു 2025-26-ലെ ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ.<br><br>*<u>ഹൈഡ്രജൻ വാഹനങ്ങൾ പൈലറ്റടിസ്ഥാ നത്തിൽ ഓടിക്കാനുള്ള പദ്ധതി:</u>* ദേശീയ ഹരിത ഹൈഡ്രജൻ മിഷന്റെ ഭാഗമായി ഓട്ടോമോട്ടീവ് റിസർച്ച് |

അസോസിയേഷൻ ഓഫ് ഇന്ത്യ മുഖേനയാണ് പദ്ധതി അനുവദിച്ചിട്ടുള്ളത്. ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന നാലു ഭാരവാഹനങ്ങൾ പൈലറ്റടിസ്ഥാനത്തിൽ 60,000 കിലോമീറ്റർ വീതം ഓടിച്ച് അതിന്റെ സാധ്യതകൾ പഠനവിധേയമാക്കാനുള്ള പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ഹൈഡ്രജൻ നിറയ്ക്കാനുള്ള സംവിധാനങ്ങളും (refuelling stations) സ്ഥാപിക്കപ്പെടും. അനെർട്ടിന്റെ നേതൃത്വത്തിൽ ബി.പി.സി.എൽ., കെ.എസ്.ആർ.ടി.സി. എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ സാദ്ധ്യമായ എല്ലാ, സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു.

ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

കെ.എസ്.ഇ.ബി.എൽ. വഴി വൈദ്യുതീ-കരിക്കാൻ സാധിക്കാത്ത ഇടുക്കി ജില്ലയിലെ ഇടമലകുടി വില്ലേജിലെ 14 ഉന്നതികളും (372 വീടുകൾ), മറയൂർ വില്ലേജിലെ 1 (18 വീടുകൾ) ഉന്നതിയും (**ആകെ 15 ഉന്നതികൾ**), അനെർട്ടിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപെട്ടു നടപ്പിലാക്കുന്ന PM JANMAN എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസേർവിന് അകത്തായി സ്ഥിതിചെയ്യുന്ന തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർക്കുട്ടി, മലപ്പുറം ജില്ലയിലെ - മാഞ്ചീരി എന്നീ 4 ആദിവാസി ഉന്നതികളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പദ്ധതിവിഹിതം ഉൾപ്പെടുത്തിയാണ് സൗരോർജ്ജ വൈദ്യുതീകരണം നടപ്പിലാക്കുന്നത്.

അനെർട്ട് നടപ്പിലാക്കുന്ന കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണ പദ്ധതിയിൽ 5,689 പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനായുള്ള പദ്ധതി സർക്കാർ അംഗീകരിക്കുകയും ആയതിനുള്ള ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട പ്രധാന ചുമതലകൾ കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങൾ വ്യാപക മാക്കുന്നതിനുള്ള സംവിധാനങ്ങളും സാങ്കേതിക സഹായങ്ങളും വിവിധ സർക്കാർ വകുപ്പുകൾക്കും വാഹനം ഉപയോഗിക്കുന്ന മറ്റു സ്വകാര്യ വ്യക്തികൾക്കും നൽകുക എന്നതാണ്. കൂടാതെ ദീർഘദൂര യാത്രകളിൽ നാലുചക്ര വാഹനങ്ങൾക്ക് ഫാസ്റ്റ് ചാർജ്ജിംഗ് ചെയ്യുന്നതിനായി ദേശീയപാത, മറ്റു സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ ഓരോ 25 കിലോമീറ്ററിലും പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുക എന്നതും ഇതിലുൾപ്പെടുന്നു.

ഇലക്ട്രിക് കാറുകൾ വ്യാപകമാക്കുന്ന തിനായി സർക്കാർ വകുപ്പുകൾക്ക് ലീസ് വ്യവസ്ഥയിൽ ഇ-കാറുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ പബ്ലിക് ഇ. വി. ചാർജ്ജിംഗ് സ്റ്റേഷൻ വ്യാപകമാക്കുന്നതിനായി SCTL (സ്മാർട്ട്

| | | | |
|---|---|---|---|
| | | | സിറ്റി ട്രിവാൻഡ്രം ലിമിറ്റഡ്), കൊച്ചി മെട്രോ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, KTDC ഹോട്ടലുകൾ, DTPC സെൻ്ററുകൾ എന്നീ വകുപ്പുകളുമായി യോജിച്ച് ഇ-കാറുകൾ ഫാസ്റ്റ് ചാർജ്ജിംഗ് ചെയ്യുന്നതിനുള്ള ഡി. സി. ഫാസ്റ്റ് ചാർജ്ജറുകൾ സ്ഥാപിച്ചു വരുന്നു.<br><br>സ്വകാര്യ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഡി. സി. ഫാസ്റ്റ് ചാർജ്ജിംഗ് മെഷീനുകൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>കൂടാതെ പബ്ലിക് ഇ. വി. ചാർജ്ജിംഗ് സ്റ്റേഷനുകളുടെ വൈദ്യുതി ഉപയോഗം വളരെ കൂടുതലായതിനാൽ ഡി. സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടു ത്തിയാൽ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. |
| (ബി) | 2025-26 സാമ്പത്തിക വർഷത്തിൽ അനെർട്ട് നടപ്പാക്കിയ പദ്ധതികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ? | (ബി) | 2025-26 സാമ്പത്തിക വർഷത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 2,412 കിലോ വാട്ട് ശേഷിയുള്ള 226 സൗരോർജ്ജ നിലയങ്ങൾ വിവിധ ജില്ലകളിലായി സ്ഥാപിച്ചു. കൂടാതെ 505 സൗരോർജ്ജ തെരുവു വിളക്കുകളും സ്ഥാപിച്ചു. ജില്ല തിരിച്ചുള്ള പട്ടിക **അനുബന്ധം - ബി (1) ആയി** ചേർക്കുന്നു.<br><br>സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കൃഷി ഭവൻ മുഖേന സൗജന്യ കാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. കേന്ദ്രത്തിൽനിന്നും (MNRE) അനുമതി ലഭിച്ച 9,348 പമ്പുകളുടെ സൗരോർജ്ജവൽക്കരണം അനെർട്ട് നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>നിലവിൽ 6,700 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞതായും ഇതിൽ 1,500 സൗരോർജ്ജനിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ളതായും അനെർട്ട് അറിയിച്ചിട്ടുണ്ട്. ഇതിലൂടെ 5.3MW അധിക സൗരോർജ്ജ സ്ഥാപിത ശേഷി നേടുവാനായിട്ടുണ്ട്. പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി ചുവടെ നൽകുന്നു. |

| **District** | **Work order Nos.** | **Installation Completed Nos.** | **Commissioned Nos.** |
|---|---|---|---|
| Palakkad | 2317 | 820 | 652 |
| Thrissur | 1014 | 474 | 239 |
| Kasaragod | 868 | 537 | 372 |
| Malappuram | 1986 | 377 | 120 |
| Ernakulam | 523 | 292 | 169 |
| **TOTAL** | **6,708** | **2,500** | **1,552** |

| | | | |
|---|---|---|---|
| | | | 2025-2026 സാമ്പത്തിക വർഷത്തിൽ അനെർട്ട് നടപ്പിലാക്കിയ ഇ-മൊബിലിറ്റി പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദവിവരം **അനുബന്ധം - ബി (2) ആയി** ചേർക്കുന്നു.<br>V2Gപ്രോജക്ട് ( വെഹിക്കിൾ ടു ഗ്രിഡ് പ്രോജക്ട്)<br><br>നിലവിൽ ഉപയോഗിക്കുന്ന പബ്ലിക് ഇ. വി. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ ഗ്രിഡിൽ നിന്നും ഇ-കാറുകളിലേയ്ക്ക് ചാർജ്ജ് ചെയ്യുന്ന സംവിധാനമാണ് ഉള്ളത്. എന്നാൽ പകൽ ലഭിക്കുന്ന സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉപയോഗിച്ച് ഇ-കാറുകൾ ചാർജ്ജ് ചെയ്യുന്നതിന് പുറമെ വൈദ്യുതിക്ഷാമമുള്ള രാത്രി സമയങ്ങളിൽ കെ. എസ്. ഇ. ബി. എൽ. ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകാൻ കഴിയുന്ന ആധുനിക സംവിധാനമാണ് V2Gപ്രോജക്ട്.<br><br>V2Gപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി India Smart Grid Forum (ISGF) എന്ന സ്ഥാപനവുമായി സഹകരിച്ച് അനെർട്ട് ഹെഡ് ഓഫീസിൽ ഒരു ഡെമോൺസ്ട്രേഷൻ പദ്ധതി തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി നിലവിലുള്ള TATA NEXON ഇലക്ട്രിക് കാറിൽBi Directional Modular Power Unit (BMPU) ഉൾപ്പെടുത്തി റിട്രോ ഫിറ്റിംഗ് ജോലികൾ പൂർത്തിയായി. ഇതോടൊപ്പം പകൽ സമയം സോളാറിൽ നിന്ന് ചാർജ്ജ് ചെയ്യുന്നതിനും, പീക്ക് ലോഡ് സമയത്ത് KSEBL ഗ്രിഡിലേക്ക് വൈദ്യുതി നൽകുന്ന തിനുള്ള സംവിധാനത്തിനായി ഒരു Bi Directional AC ചാർജ്ജറും അനെർട്ടിന്റെ കേന്ദ്രകാര്യാല യത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി പകൽ സമയത്ത് സോളാറിൽ നിന്ന് അധികമായിട്ടുള്ള വൈദ്യുതി ഇ-കാർ ബാറ്ററികളിൽ ശേഖരിക്കുന്നതിനും രാത്രി കാലത്ത് Grid Supportകൊടുക്കുന്നതിനും സാധിക്കുന്നു. ഇത് വഴി ഗ്രിഡ് സ്റ്റെബിലിറ്റിയും എനർജി മാനേജ്മെന്റും ഉറപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - ബി 1</u>

| Sl. No. | District | 2025-2026 | | |
|---|---|---|---|---|
| | | **No. of Solar Power Plants** | **Capacity (kW)** | **Solar Street Light (Nos.)** |
| 1 | Thiruvananthapuram | **17** | **144** | **3** |
| 2 | Kollam | **4** | **66** | **20** |
| 3 | Pathanamthitta | 1 | 3 | 7 |
| 4 | Idukki | 3 | 30 | 237 |
| 5 | Kottayam | **1** | **30** | |
| 6 | Alappuzha | 9 | 66 | 51 |
| 7 | Ernakulam | 19 | 826 | 13 |
| 8 | Thrissur | 87 | 571 | 9 |
| 9 | Palakkad | 12 | 159 | 57 |
| 10 | Malappuram | 18 | 241 | 11 |
| 11 | Kozhikode | 7 | 81 | 9 |
| 12 | Wayanad | 29 | 63 | 10 |
| 13 | Kannur | 14 | 90 | 72 |
| 14 | Kasaragod | 5 | 42 | 6 |
| **TOTAL** | | **226** | **2412** | **505** |

സെക്ഷൻ ഓഫീസർ

## അനുബന്ധം – ബി 2

| അനെർട്ടും, SCTL ഉം മറ്റു സർക്കാർ വകുപ്പുകളുമായി ചേർന്നുള്ള പദ്ധതി | | | |
|---|---|---|---|
| **No.** | **District** | **Details of Location** | **Capacity of DC fast charger** |
| 1 | TVM | District Collectorate Kudapanakunnu, Trivandrum. | 60 kW CCS2+30 kW CCS2 |
| 2 | TVM | MILMA Ambalathara, Thiruvananthapuram. | 60 kW CCS2+30 kW CCS2 |
| 3 | TVM | MLCP, Saphalyam complex, Palayam, TVM | 60 kW CCS2+30 kW CCS2 |
| 4 | TVM | DTPC Parking, Sanghumugham. | 60 kW CCS2+30 kW CCS2 |
| 5 | TVM | KSRTC SWIFT Bus stand, Aanayara,TVM | 180 kW GB/T Guns(90 kW x2guns) |
| 6 | TVM | KSRTC SWIFT Bus stand, Aanayara,TVM | 180 kW GB/T Guns(90 kW x2guns |
| 7 | TVM | MLCP Putharikandam, Thiruvananthapuram | 60 kW CCS2+30 kW CCS2 |
| NB : 6 സ്ഥലങ്ങളിൽ പദ്ധതി പൂർത്തിയായി വരുന്നു. | | | |

| അനെർട്ടും **MVD** യും ചേർന്നുള്ള പദ്ധതി | | | |
|---|---|---|---|
| **No.** | **District** | **Details of Location** | **Capacity of DC fast charger** |
| 1 | Palakkad | RTO, Civil Station Palakkad | 30 kW CCS 2 |
| NB : 4 സ്ഥലങ്ങളിൽ പദ്ധതി പൂർത്തിയായി വരുന്നു. | | | |

| സ്വകാര്യ സംരംഭകർ, ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച DC ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ മെഷീൻ സബ്സിഡി നൽകിയവ. | | | |
|---|---|---|---|
| **No.** | **District** | **Details of Location** | **Capacity of DC fast charger** |
| 1 | Kozhikkode | NH 66, Payyoli, Near theertha Hotel | 24 |
| 2 | TVM | Emilys By J Danies, Oppo. Hill, Poojappura Rd | 60 |
| 3 | Malappuram | Areekkal City, Puthupparambu Rd, | 60 |

| | | | |
|---|---|---|---|
| 4 | Palakkad | Edarikode Medimall, Riverplaza Building, Near Private Bus stand, Pattambi | 60 |

ലീസ് കോൺട്രാക്റ്റ് ഓഫ് ഇ–കാർ പ്രോജക്റ്റ് പദ്ധതി വഴി ഇ–കാറുകൾ നൽകിയവ.

| **No.** | **District** | **Name of Office** | **Type of E-Car** |
|---|---|---|---|
| 1 | TVM | Co-operative Vigilance | TATa Nexon fearless 45 |
| 2 | TVM | K-DISC | MG EV ZS |
| 3 | TVM | EMC | MG EV ZS |